(ബി) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

(സി) ഐ.ടി.ഐ.-കളിലും ഐ.ടി.സി.-കളിലും ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിനു കീഴിൽ ഡയറക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് അംഗീകരിച്ചിട്ടുള്ള ട്രേഡുകളിൽ, പരിശീലനം നൽകുന്നതിനുള്ള ഇൻസ്ട്രക്ടർമാരുടെ യോഗ്യതകൾ ഡി.ജി.ഇ.റ്റി. നിഷ്കർഷിച്ചിട്ടുണ്ട്. ഡി.ജി.ഇ.റ്റി.-യുടെ നിർദ്ദേശം അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഐ.ടി.സി.-കളിൽ യോഗ്യത ഇല്ലാത്തവർ പഠിപ്പിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് ബന്ധപ്പെട്ട ഐ.ടി.സി.-കൾക്ക് ട്രെയിനിംഗ് ഡയറക്ടർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പരിശോധനയ്ക്കായി ട്രെയിനിംഗ് ഇൻസ്പെക്ടറെ നിയോഗിച്ചിട്ടുമുണ്ട്.

(ഡി) അദ്ധ്യാപകർക്ക് ഹാജർ ബുക്ക് വേണമെന്ന് ട്രെയിനിംഗ് മാനുവലിൽ വ്യവസ്ഥയുണ്ട്. ഐ.ടി.സി.-കളിൽ പഠിപ്പിക്കുന്നവരുടെ വേതന വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനായി ഐ.ടി.സി.-യിലെ ജീവനക്കാർക്ക് ഗവൺമെന്റ് ഐ.ടി.ഐ.-യിലെ സമാന തസ്തികയിലെ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ 2/3 ഭാഗം ശമ്പളമായി നൽകണമെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഐ.ടി.സി.-കളിലെ ജീവനക്കാർക്ക് നിർദ്ദിഷ്ട ശമ്പളം നൽകാത്ത ചില സ്ഥാപനങ്ങളെ ഡി-അഫിലിയേറ്റു ചെയ്യുന്നതിനുള്ള നടപടികൾ ട്രെയിനിംഗ് ഡയറക്ടർ സ്വീകരിച്ചിരുന്നു. ഡി.ജി.ഇ.റ്റി.-യുടെ ഡി-അഫിലിയേഷൻ ഗൈഡ് ലൈൻസിൽ, ഐ.ടി.സി. ജീവനക്കാർക്ക് 2/3 ഭാഗം ശമ്പളമെങ്കിലും നൽകാത്ത ഐ.ടി.സി.-കളെ ഡി-അഫിലിയേറ്റ് ചെയ്യുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങളില്ലാത്തതിനാൽ ടി വ്യവസ്ഥകൂടി, ഗൈഡ് ലൈൻസിൽ ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്ത് ഡി.ജി.ഇ.റ്റി.-യ്ക്ക് കത്ത് ട്രെയിനിംഗ് ഡയറക്ടർ അയച്ചിട്ടുണ്ട്.

(ഇ) ഐ.ടി.സി.-കളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും മിനിസ്റ്റീരിയൽ ജീവനക്കാർക്കും ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഐ.ടി.ഐ. കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ

78 (1041) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് അംഗീകാരമുള്ള ഐ. ടി.ഐ. കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ് ; ഇവയുടെ വിശദാംശം, ഗവണ്മെന്റ് എയ്ഡഡ്, അൺ എയ്ഡഡ് എന്നീ മേഖല തിരിച്ചുള്ള കണക്ക് ജില്ലാ അടിസ്ഥാനത്തിൽ നൽകുമോ ;

(ബി) ഈ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ;

(സി) എൻ.സി.വി.ടി.-യുടെ അംഗീകാരത്തോടെ പഠിപ്പിക്കുന്ന കോഴ്സുകളെ ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ ; ഈ കോഴ്സ് പഠിച്ചവർക്ക് വിദേശത്ത് ജോലിക്ക് പോകുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഗവൺമെന്റ് അംഗീകാരമുള്ള ഐ.ടി.ഐ. കോഴ്സുകൾ നടത്തുന്നത്, ഗവൺമെന്റ് ഐ.ടി.ഐ.-കൾ, പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള എസ്.സി.ഡി.ഡി. ഐ.ടി.സി.-കൾ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എസ്.റ്റി.ഡി.ഡി. ഐ.ടി.സി.-കൾ, സ്വകാര്യ മേഖലയിലുള്ള ഐ.ടി.സി.-കൾ എന്നീ സ്ഥാപനങ്ങളാണ്. ഗവൺമെന്റ് എയ്ഡഡ് സ്വകാര്യ സ്ഥാപനങ്ങളില്ല. ഗവൺമെന്റ് ഐ.ടി.ഐ.-കൾ എസ്.സി.ഡി.ഡി. ഐ.ടി.സി.-കൾ, എസ്.ടി.ഡി.ഡി. ഐ.ടി.സി.-കൾ പ്രൈവറ്റ്, ഐ.ടി.സി.-കൾ എന്നിവയുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഈ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന പഴയ ട്രേഡുകളിലുള്ള സർട്ടിഫിക്കറ്റുകൾക്ക് പി.എസ്.സി. അംഗീകാരം ഉണ്ട്. പുതുതായി ആവിഷ്കരിച്ചിട്ടുള്ള വിവിധ ട്രേഡുകളുടെ സർട്ടിഫിക്കറ്റുകൾക്ക്, പി.എസ്.സി. അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) എൻ.സി.വി.റ്റി.-യുടെ അംഗീകാരത്തോടെ പഠിപ്പിക്കുന്ന കോഴ്സുകളെ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഈ കോഴ്സ് പഠിച്ചവർക്ക് വിദേശത്ത് ജോലിക്കു പോകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മുസ്ലീം ന്യൂനപക്ഷ മേഖലയിൽ ഐ.ടി.ഐ.-കൾ

79 (1042) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുസ്ലീം ന്യൂനപക്ഷ മേഖലയിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി എത്ര ഐ.ടി.ഐ.കൾ തുടങ്ങാനാണ് അനുമതി ലഭിച്ചിരുന്നത് ;

(ബി) ഇതിനായി ഇതുവരെ ഏതൊക്കെ ജില്ലകളിൽ എത്ര ഐ.ടി.ഐ.-കൾക്കായി സ്ഥലം ഏറ്റെടുത്തിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(സി) അടുത്ത അദ്ധ്യയന വർഷം ഇത്തരത്തിൽ എത്ര ഐ.ടി.ഐ.-കൾ ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ :

(ഡി) ഇനിയും ഏതൊക്കെ ഐ ടി. ഐ.-കൾക്കാണ് സ്ഥലം ലഭ്യമാക്കാനുള്ളത് :

(ഇ) സ്ഥലം ലഭ്യമാക്കുന്നതിന് എന്തൊക്കെയാണ് തടസ്സം എന്നറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്